# കുരിശാകരുത്. പൊട്ടിപ്പോകും.

ക്ഷമിക്കണം, ഏതെങ്കിലും പ്രത്യേക വിഭാഗമോ വ്യക്തികളോ ഈ കുറിപ്പിൻെറ ലക്ഷ്യമല്ല. മനുഷ്യരിൽ ആരെയും അപകീർത്തിപ്പെടുത്തൽ വഴിവെബ്സൈറ്റിൻെറ നയവുമല്ല. മനുഷ്യരെ സ്നേഹത്തോടെയും സമഭാവനയോടെയും കാണുവാനാണ് അത് ആഗ്രഹിക്കുന്നതും ഉപദേശിക്കുന്നതും. കാരണം, എല്ലാവരും ദൈവത്തിൻെറ അടിമകൾ. മരണ ശേഷം അവനെ പുല്കേണ്ടവർ.

മാനുഷികമായ ഈ വീക്ഷണം വഴി.ഓർഗിൻെറ മാത്രം ബാധ്യതയല്ല. അത് കടലാസിൽ ഒതുങ്ങേണ്ട നയവുമല്ല. ജീവിതത്തോളം വിശാലവും ജീവിതവിശുദ്ധിക്ക് അനിവാര്യവുമാണത്.

ദൈവദൂതൻ ക്രിസ്തുവും അവസാനം ആഗതനായ ദൈവദൂതൻ മുഹമ്മദും (ഇരുവർക്കും ദൈവത്തിൽനിന്നുള്ള സമാധാനം ഉണ്ടാകട്ടെ) തങ്ങളുടെ അനുയായികളെ പഠിപ്പിച്ച ഒരു കാര്യമുണ്ട്. നിങ്ങൾ ജനങ്ങൾക്ക് വേണ്ടി നിലകൊള്ളുക. അവർക്ക് എളുപ്പം ഉണ്ടാക്കുക. പ്രയാസം ഉണ്ടാക്കരുത്."

ജനത്തിന് പ്രയാസമുണ്ടാക്കുന്ന സമീപനവും ഇടപാടുകളുമൊക്കെയാണ് കുരിശ് എന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നത്. അത്തരം സമീപനങ്ങൾ മറ്റുള്ളവരെ പ്രയാസപ്പെടുത്തും. കാര്യങ്ങളെ അവയുടെ സുഖകരമായ അവസ്ഥയിൽ നിന്ന് തെറ്റിക്കും.

ജനങ്ങളെ പ്രയാസപ്പെടുത്തുന്നവരെ അവർ വെറുക്കും. മനസാ ശപിക്കും. അത് ബന്ധങ്ങളെ ഹനിക്കും.

ആത്മാർഥതയും ഗുണകാംക്ഷയുമാണ് ഇടപാടുകളുടെയും ബന്ധങ്ങളുടെയും സമീപനങ്ങളുടെയും ആത്മാവ്. അത് നഷ്ടപ്പെടുമ്പോഴാണ് സ്വാർഥമോഹങ്ങൾ ഉണ്ടാകുന്നത്. അതാണ് കുഴപ്പങ്ങൾക്ക് കാരണമുണ്ടാക്കുന്നത്.

കടുത്ത മനസ്സും വിട്ടുവീഴ്ചയില്ലാത്ത സമീപനവും ഏറെ കാലം നിലനില്ക്കില്ല. നിലനിന്നാലും അതിൻെറ ഉടമ ഒറ്റപ്പെടുകയേ ഉള്ളൂ. അതിനാലാണ് കുരിശാകരുത്, പൊട്ടിപ്പോകും എന്ന് പറയാൻ കാരണം. അത്തരക്കാർക്ക് അവർ ഉദ്ദേശിക്കുന്ന രീതിയിൽ വിജയം നേടാൻ സാധിക്കുകയില്ല.

ഒരു വിഷയമോ സംരംഭമോ തൻെറ ഭാഗത്തുനിന്നും ഉണ്ടാകുമ്പോൾ ആരൊക്കെ അതിൽ സഹകരിക്കേണമോ അവരുടെയൊക്കെ ക്ഷേമം അതിൽ പലിക്കപ്പെടണം. അതാണ് പ്രസ്തുത സംരംഭം വിജയിക്കാനുള്ള ശക്തമായ മാനദണ്ഡം. തൻെറ മാത്രം സ്വാർഥം അതിൽനിന്ന് നേടാൻ മോഹിക്കുന്നതാണ് ആ സംരംഭത്തെ നശിപ്പിക്കുക.

തനിക്ക് നിർവഹിക്കാനാകാത്ത ഒരു വിഷയം മറ്റുള്ളവരുടെ തലയിൽ ഏറ്റിവെക്കുകയോ തൻെറയോ തൻെറ ബന്ധപ്പെട്ടവരുടെയോ കാര്യങ്ങൾ മറ്റുള്ളവരെ പ്രയാസപ്പെടുത്തും വിധം ചുമതലപ്പെടുത്തുകയോ മറ്റുള്ളവർക്ക് നേട്ടമുണ്ടാകുന്ന സംഗതികളിൽ ഇടപെട്ട് ഇല്ലാതെയാക്കുകയോ ചെയ്യുന്നതൊക്കെ മേൽപറഞ്ഞ വിഷയത്തിൽ പെട്ടതാണ്. അത് മനുഷ്യരിൽ മാത്രം കാണുന്ന ദുസ്വഭാവമാണ്. അതോ, മനുഷ്യൻെറ അടിസ്ഥാന സ്വഭാവമല്ല, പൈശാചികമാണ്.

ബന്ധങ്ങളിൽ ഇടിവ് വരുത്തുന്ന എല്ലാ ദുഃസ്വഭാവങ്ങളും അവസാനിപ്പിക്കണം. തൻെറ മാത്രം ക്ഷേമമല്ല തേടേണ്ടത് എല്ലാവരുടെയും സൗഖ്യവും നാം ആഗ്രഹിക്കണം. നമ്മെ വല്ലവരും പ്രയാസപ്പെടുത്തിയാൽ നമുക്കുണ്ടാകുന്ന പ്രയാസം അന്യരുടെ കാര്യത്തിലും നാം പരിഗണിക്കണം. ആളുകൾക്ക് എളുപ്പമുണ്ടാക്കണം. അതാണ് ഉന്നതസ്വഭാവവും മനുഷ്യത്വവും. അത് നേതാവായാലും നീതനായാലും ശരി. കാരണം എല്ലാവരും ദൈവത്തിൻെറ അടിമകളാണ്.